## പതിമൂന്നാം കേരള നിയമസഭ
## എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2804 — 14/02/2013-ൽ മറുപടിക്ക്

### നെല്ലിയാമ്പതി പഞ്ചായത്തിലെ ആദിവാസി വിഭാഗക്കാർക്ക് ഭൂമി പതിച്ചു നൽകൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | നെല്ലിയാമ്പതി പഞ്ചായത്തിലെ ആദിവാസി വിഭാഗക്കാർക്ക് ഭൂമി പതിച്ചുനൽകാനുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ; | എ | നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ 137 പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. (കിർത്താഡ്സ് നടത്തിയ തെളിവെടുപ്പിന്റെയും നരവംശ ശാസ്ത്രപരമായ അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ) ഇവരിൽ 26 കുടുംബങ്ങൾക്ക് ടി.ആർ.ഡി.എം. മുഖേന ഭൂമി പതിച്ച നൽകുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. സർവ്വേ ചെയ്ത് പ്ലോട്ടാക്കി തിരിക്കൽ നടപടി പുരോഗതിയിലാണ്. (ആയതിനുള്ള ചെലവ് ടി.ആർ.ഡി.എം. അക്കൗണ്ടിൽ നിന്നും വഹിക്കുന്നതിന് 17.01.2013 ലെ ജില്ലാ തല കമ്മിറ്റി യോഗത്തിൽ തീരുമാനമായിട്ടുള്ളതാണ്). |
| ബി | ഇവർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | ബി | പൂർണ്ണമായി കണ്ടെത്തിയിട്ടില്ല. ടി.ആർ.ഡി.എം. മുഖേന 26 കുടുംബങ്ങൾക്ക് പതിച്ച നൽകുന്നതിന വേണ്ടി ഭൂമി വല്ലങ്ങി (പോത്തുണ്ടി ഗ്രൂപ്പ്) വില്ലേജിൽ ബ്ലോക്ക് 56 ലെ 32.55 ഏക്കറിൽ കണ്ടെത്തിയിട്ടുണ്ട്. |
| സി | സ്വന്തമായി സ്ഥലവും വീടും എന്നത് യാഥാർത്ഥ്യമാക്കുവാൻ എന്ന് സാധിക്കും; വിശദമാക്കുമോ ? | സി | നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ 149.17 ഹെക്ടർ ഭൂമി പട്ടികവർഗ്ഗക്കാർക്ക് പതിച്ച നൽകുന്നതിനായി കേന്ദ്ര സർക്കാരിന്റെ 1 & 2 സ്റ്റേജ് ക്ലിയറൻസ് ലഭിച്ചിട്ടുള്ളതാണ്. പാരിസ്ഥിതിക ആഘാതപഠനം നടത്താത്ത സാഹചര്യത്തിൽ കൃഷി വകുപ്പിൽ നിന്നും ലാന്റ് ട്രാൻസ്ഫർ നടപടികൾ മുഖേന റവന്യൂ വകുപ്പിന് ഭൂമി കൈമാറ്റം ചെയ്യുന്ന മുറയ്ക്ക് നെല്ലിയാമ്പതി പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികവർഗ്ഗക്കാർക്കും ഭൂമി ലഭ്യമാക്കുവാൻ കഴിയുന്നതാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭവന നിർമ്മാണ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ